24696
29/12/14

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - പെരുമ്പാവൂർ ടിംബർ ഡിവിഷനിലെ മുടിക്കൽ ഡിപ്പോയിൽ നടന്ന ഇ-ലേലം - വി.ജെ.രാജു ആന്റ് കമ്പനി ലേലം കൊണ്ട ലോട്ടുകൾ - തുക അടയ്ക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.498/2017/വനം തീയതി, തിരുവനന്തപുരം, 22.12.2017

---

പരാമർശം :- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 13.11.2017-ലെ പ്രൊ(4)-60171/16 നമ്പർ കത്ത്.

**ഉത്തരവ്**

പെരുമ്പാവൂർ ടിംബർ ഡിവിഷനിലെ മുടിക്കൽ ഡിപ്പോയിൽ 08.08.2017-ൽ നടന്ന ഇ-ലേലത്തിൽ വി.ജെ.രാജു ആന്റ് കമ്പനി 17-18/2531 നമ്പർ ഇ-ലേലത്തിൽ പങ്കെടുക്കുകയും, 11 ലോട്ടുകൾ ലേലം കൊള്ളുകയും ചെയ്തു. 24.08.2017-നകം കമ്പനി EMD ഉൾപ്പെടെ 3,26,000 രൂപ അടയ്ക്കേണ്ടിയിരുന്നു. എന്നാൽ ഈ തുക റൗണ്ട് ചെയ്ത് 3,30,000 രൂപ 31.08.2017 നാണ് ട്രഷറിയിൽ അടച്ചിട്ടുള്ളത്. സ്ഥിരീകരണം ലഭിച്ച ലോട്ടുകളുടെ ബാക്കി തുക ലേലസ്ഥിരീകരണം ലഭിച്ച തീയതി മുതൽ ഏഴ് പ്രവൃത്തി ദിവസത്തിനകം അടയ്ക്കുന്നതിൽ ടി സ്ഥാപനം വീഴ്ച വരുത്തിയിരുന്നു.

2) വി.ജെ.രാജു ആന്റ് കമ്പനി എന്ന സ്ഥാപനത്തിന് പണം ഒടുക്കുന്നതിന് ഒരാഴ്ചത്തെ കാലതാമസം നേരിട്ടത് തികച്ചും ആകസ്മികവും മന:പൂർവ്വമല്ലാത്ത കാരണത്താലുമാണെന്നും സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് ലേല വ്യവസ്ഥകളിൽ സംഭവിച്ച വീഴ്ചയിൽ ഉചിതമായ പിഴപലിശ ഈടാക്കിക്കൊണ്ട് ലേല നിബന്ധനകൾ പ്രകാരം ബാക്കി തുക അടച്ച് തടികൾ വിട്ടുനൽകാവുന്നതാണെന്നും ടി ലോട്ടുകൾ പുനർലേലം നടത്തിയാൽ ഇപ്പോൾ ലഭിച്ച വിലയേക്കാൾ കൂടുതൽ വില ലഭിക്കുവാൻ സാധ്യതയില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലഭിച്ച തുക ഏറ്റവും ഉയർന്ന നിരക്ക് ആയതിനാൽ വി.ജെ.രാജു ആന്റ് കമ്പനി ലേലം കൊണ്ട ലോട്ടുകൾ ടി സ്ഥാപനത്തിന് ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് കൊണ്ട് ബാക്കി തുകയും നികുതികളും, പിഴ പലിശയും അടയ്ക്കാൻ ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ ശുപാർശ പരിഗണിച്ച് വി.ജെ.രാജു ആന്റ് കമ്പനി ലേലം കൊണ്ട ലോട്ടുകൾ ടി സ്ഥാപനത്തിന് ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് കൊണ്ട് ബാക്കി തുകയും നികുതികളും, പിഴ പലിശയും അടയ്ക്കാൻ ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി. ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ